www.malankaralibrary.com

# SHANTHIVANI

## PUTTUR DIOCESAN BULLETIN

Vol. 9 December, 2022 No.12



# *Merry Christmas*

www.malankaralibrary.com

*PATRON*
**Most Rev. Dr. Geevarghese Mar Makarios**

*CO-PATRON*
**Very Rev. Dr. Eldho Puthenkandathil**
**(Vicar General)**

*EDITOR*
**Rev. Fr. John Puthenkandathil**
**Shanthibhavan**
**Catholic Bishop's House**
**Puttur - 574 201, Karnataka**
**Mob : +91 9448706368**
**Email : shanthivani2010@gmail.com**

*EDITORIAL TEAM*
**Very Rev. Fr. John Nellivila**
**Rev. Fr. Thomas Punamadathil**
**Rev. Fr. Kurian Pulipra**
**Mr. Anish Mathew**
**Mr. Roy Thomas**
**Mr. Sajith K.J.**
**Mr. Yohannan O.M.**

*PRINTED & PUBLISHED BY*
**Rev. Fr. John Kunnathethu**
**The Chancellor**

*DESIGN BY*
**Mr. Mobin Santhosh John**

www.malankaralibrary.com

# TABLE OF CONTENTS


03 Voice of Patron

04 Pastoral Letters

12 Diocesan News

**Commission Updates**

13 Commission for Youth (MCYM)

14 Commission for Family (Bhavana Jyothis)

15 Commission for Laity (MCA)

15 Commission for Education

16 Birthdays, Feast & Ordi. day of Rev. Fathers

17 Important Days




www.malankaralibrary.com


# Voice of our Patron



"Now it happened that when the angels had gone from them into heaven, the shepherds said to one another, let us go to Bethlehem and see this event which the Lord has made known to us" (Lk 2/15)

We are in the Advent Season and are preparing our hearts and minds with a renewed vigor through special prayers, fasting, abstinence and other spiritual activities, so that we may worthily enjoy and celebrate the Noble of Birth of the Son of God among us. The Church and the Traditions give us all the possible ways to prepare ourselves both internally and externally. Once again the moment has come to us to feel in depth the Emmanuel, God with us wonder. Perhaps, what the human mind could never have conceived, or hoped for, God in his abundance of love and mercy has bestowed on us through this miracle of miracles. Very often the external preparations are given undue importance at the cost of our inner disposition to feel this God with us wonder.

What is needed today is nothing, but as the shepherds said to each other, "Let us go to Bethlehem and see this event which the Lord has made known to us". Surely, as St.Bernard said, "there we have something to love, to admire and to imitate". Today more than ever, man becomes more and more selfish and confines to himself rather than opening himself to the other, after the spirit of Incarnation, God Becoming man for the sake of others. The modus operandi of the shepherds do give us insights and call us to put them into life.

God has prepared this life for us to love God and to glorify His Holy Name". Our commitment to this God experience and our earnest dedication to the ways and means of experience as done by the shepherds would enable us to be genuine witnesses of the plan of God. May this Christmas be a genuine experience of "God with us wonder" and make the coming year with our concerted efforts, truly a time to glorify God as we are His instruments and only through us He carries out His designs today for us and for the world. Wish you all a Merry Christmas and a prosperous New Year.

+ Makarios

**H. E. Most Rev Dr. Geevarghese Mar Makarios**
Metropoliton, Diocese of Puttur

www.malankaralibrary.com



# ദൈവകൃപയാലും കരുണയാലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുത്തൂർ ഭദ്രാസന ഇടയൻ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ഭദ്രാസനത്തിൻ കീഴിലുള്ള കോർഎപ്പിസ്കോപ്പാച്ചനും ബഹു. വൈദികർക്കും ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്

P L 1/2022

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**വന്ദ്യ കോർഎപ്പിസ്കോപ്പാച്ചാ, ബഹു. വൈദികരെ, ശെമ്മാശന്മാരെ, സന്യസ്തരെ, മാതാപിതാക്കളെ, യുവജനങ്ങളെ, കുഞ്ഞുമക്കളെ,**

ആരാധന ക്രമ വത്സരത്തിലെ ആദ്യത്തെ കാലമായ വചനിപ്പ് കാലത്തിലൂടെ നമ്മുടെ രക്ഷകന്റെ ജനന തിരുന്നാളിന്റെആഘോഷത്തിന് ഒരുങ്ങുവാനുള്ള സമയമാണ് ഈ നോമ്പുകാലം. സഭ ഒരുമിച്ച് കർത്താവിന്റെതിരുപ്പിറവി ആചരിക്കുവാൻ, തങ്ങളുടെ രക്ഷകനെ സ്വീകരിക്കുവാൻ തയ്യാറെടുക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും, രക്ഷാകര ചരിത്രത്തിലെ പ്രധാന സംഭവങ്ങളെയും കുറിച്ച് ദീർഘദർശിമാർ പ്രവചിച്ചിരുന്നത് വി. ഗ്രന്ഥത്തിൽ നാം കാണുന്നു (മിക്കാ 5:2, ഏശയ്യാ 7:14, മത്തായി 2:6). നമ്മെ സംബന്ധിച്ച് ഇത് പുതുമയുള്ള ചിന്തയോ, സംഭവമോ അല്ല . മാമോദീസാ സ്വീകരിച്ച നാൾമുതൽ ഈ ദിവസംവരെ നാം കേട്ടതും, അറിഞ്ഞതുമായ ഒരു സംഭവമാണിത്. പുതിയ ഇസ്രായേൽ ആയ സഭ ഈ കാലഘട്ടത്തിൽ തന്നേക്കുറിച്ചുള്ള ഒരു പുതിയ തിരിച്ചറിവിൽ ഈ ലോകത്തിൽ പ്രയാണം ചെയ്യുകയാണ്. ദൈവജനം മാമോദീസാ എന്ന കൂദാശയിൽ അടിസ്ഥാനമിട്ട് സഭാഗാത്രത്തിൽ തങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ രീതിയിൽ പരസ്പര പൂരകങ്ങളായി തുടർയാത്രയിലായിരിക്കുമ്പോൾ ഈ ക്രിസ്തുമസ് ആചരണത്തോട് അനുബന്ധിച്ച് നമുക്കും ആട്ടിടയന്മാർ ചിന്തിച്ചതുപോലെ ചിന്തിക്കാം, പ്രവർത്തിക്കാം (എഫേ 4:1-6).

"ദൂതന്മാർ അവരെവിട്ട് സ്വർഗ്ഗത്തിലേക്ക് പോയപ്പോൾ ആട്ടിടയന്മാർ പരസ്പരം പറഞ്ഞു: നമുക്ക് ബെത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം" (ലൂക്കാ 2:15). അവർ അതിവേഗംപോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു.

www.malankaralibrary.com



അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അറിയിച്ചു (ലൂക്കാ 2: 15-17). ഇവിടെ കാണുന്നത് അവർക്ക് കിട്ടിയ സദ്‌വാർത്തയോട് അവർക്കുള്ള പ്രതികരണമാണ്. ഈ കാലഘട്ടത്തിലും, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ആട്ടിടയന്മാരുടെ ഈ രീതി ഒരു മാതൃകയാകട്ടെ. അവർ പ്രതികരിച്ച രീതി ശ്രദ്ധേയമാണ്.

1. ''ആട്ടിടയന്മാർ പരസ്പരം പറഞ്ഞു'': മനുഷ്യനും അവന്റെ രീതികളും അവനിലേക്ക് കൂടുതൽ ചുരുങ്ങിയിരിക്കുന്ന ഈ ആധുനീക ജീവിതശൈലിയിൽ ആട്ടിടയന്മാരുടെ പങ്കുവെക്കുന്ന ഈ രീതി കൂടുതൽ ക്രിസ്തീയതയിലേക്കും, ആത്മീയതയിലേക്കും വളരുവാൻ നമ്മെ സഹായിക്കുന്നു. അറിഞ്ഞ സദ്‌വാർത്ത പരസ്പരം പങ്കുവെക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും നമുക്ക് സാധിച്ചാൽ നമ്മുടെ ജീവിതം കൂടുതൽ ധന്യമാകും. ആട്ടിടയന്മാരുടെ ഈ രീതി ക്രിസ്തുവിനെ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്തയാണത്. അവർ ആലോചനയ്ക്കും, ചർച്ചകൾക്കും തയ്യാറാകുന്നു. മറ്റുള്ളവരോടു പറയുവാനും, മറ്റുള്ളവരെ കേൾക്കുവാനും നമുക്കു കഴിയണം.

2. ''നമുക്ക് ബെത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം''. അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിൽ മറിയം യേശുവിന് ജന്മം നൽകിയിരിക്കുന്നു. ലോകത്തിന്റെയും നമ്മുടെയും രക്ഷയുടെ അപ്പമായി മനുഷ്യനായിത്തീർന്ന യേശുവിനെ നമുക്ക് നമ്മുടെ ഹൃദയമാകുന്ന ബെത്‌ലഹേമിലും, പരി. കുർബ്ബാനയിലും കണ്ട്, അനുഭവിച്ച് സന്തോഷിക്കാം. വ്യക്തിപരമായ ദൈവസംസർഗമാണ് ആന്തരീകമായ വളർച്ചയ്ക്കും, ദൈവോന്മുഖമായ ജീവിതത്തിനും കാരണമാകുന്നത് എന്ന് ഈ നോമ്പുകാലത്തിൽ നമുക്ക് തിരിച്ചറിയാം.

3. ''അനന്തരം, ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു''. അനുഭവിച്ചറിയുന്ന കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന പ്രഘോഷണരീതി ആട്ടിടയന്മാർ നമുക്ക് കാണിച്ചു തരുന്നു. ഈ കാലഘട്ടത്തിലും ഇതിൽ യാതൊരു മാറ്റവുമില്ല. മാമ്മോദീസായിലൂടെ നൽകപ്പെട്ട ഈ ദൗത്യം ഒരു വിശ്വാസിയുടെ ജന്മസിദ്ധമായ കടമയാണ്. ഏത് സാഹചര്യത്തിലും പങ്കുവയ്ക്കുന്നതു വഴി ദൈവാനുഭവത്തിലേക്ക് വളരണം എന്ന് വി. പൗലോസ്ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (അപ്പ. 26:24-29).

കർത്താവിൽ പ്രിയ സഹോദരങ്ങളെ, ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന ഈ ജീവിതം ദൈവത്തെ സ്നേഹിക്കുവാനും ദൈവതിരുനാമത്തെ മഹത്വപ്പെടുത്തുവാനുമുള്ളതാണ്. കടന്നുവരുന്ന ഈ ക്രിസ്തുമസ് ആചരണം നല്ല ഒരുക്കത്തോടും, ആട്ടിടയന്മാർക്ക് ഉണ്ടായിരുന്ന മനോഭാവത്തോടു കൂടി സ്വീകരിക്കുവാൻ നമുക്ക് ആത്മനാ പരിശ്രമിക്കാം. ദൈവസ്നേഹം തന്റെ പുത്രന്റെ മനുഷ്യാവതാരത്തിലൂടെ നമ്മിലേക്ക് കടന്നു വരുന്നു; അതും ഒരു പൂർണ്ണ മനുഷ്യരൂപത്തിൽ.

www.malankaralibrary.com



അതുവഴി മനുഷ്യത്വം അതിന്റെ പൂർണ്ണതയിലേക്ക് ഉയർത്തപ്പെട്ട്, ദൈവത്വത്തിന് സമമായി നിൽക്കുന്നു. ഇതിലേക്കാണ് നാം ഏവരും വിളിക്കപ്പെട്ടിരിക്കുന്നത്.

പ്രിയ സഹോദരങ്ങളെ, ഇതോടൊപ്പം ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു:

രണ്ടാം ദശാബ്ദത്തിലൂടെയുള്ള നമ്മുടെ ഭദ്രാസനത്തിന്റെ യാത്ര ഏറ്റവും അനുഗ്രഹപ്രദമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം, അതിനായി നമ്മളെത്തന്നെ സമർപ്പിക്കാം. നമ്മുടെ ആധ്യാത്മീക ശാക്തീകരണത്തിന്റെ ഭാഗമായി നടത്തിയ എല്ലാ ആത്മീയായോധനങ്ങളും നമ്മെ ഇതിന് സഹായിക്കുന്നു. ഭദ്രാസനത്തിന്റെ നടത്തിപ്പിലും വളർച്ചയിലും നമ്മുടെ വൈദീകരുടെയും, സമർപ്പിതരുടെയും, അൽമായ പ്രേഷിതരുടെയും പൊതുവായതും, പ്രത്യേകമായതും ആയ എല്ലാ പ്രവർത്തനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. ഒന്നിച്ചും കൂട്ടായ്മയുടെ പിൻബലത്തിലുമുള്ള നമ്മുടെ സഭാ ജീവിതരീതിയാണ് നമുക്ക് വേണ്ടത്. കൂടുതൽ നന്മയ്ക്കും വളർച്ചക്കും ചേരുന്ന അനുകൂല രീതി വളർത്തി എടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ ഭദ്രാസനത്തിന്റെ സ്ഥാപനവാർഷികവും, പ്രഥമ ഇടയനായിരുന്ന ഭാഗ്യസ്മരണീയനായ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 5-ാം ഓർമ്മതിരുന്നാളും, സഭയുടെ പ്രഥമ തലവനും പിതാവുമായിരുന്ന പരി. സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെയും, മാർ സേവേറിയോസ് തിരുമേനിയുടെയും, ബഹു. അബ്രഹാം കളപ്പാട്ട് അച്ചന്റെയും ഓർമ്മയാചരണങ്ങളും, ഇച്ചിലംപാടി വി. തോമ്മാശ്ലീഹായുടെ നാമധേയത്തിലുള്ള ദേവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും സംയുക്തമായി 2023 ജനവരി 22-ാം തീയതി ഇച്ചിലംപാടിയിൽ വച്ച് സമുചിതം നാം കൊണ്ടാടുന്നതാണെന്ന് അറിയിക്കുവാൻ വളരെ സന്തോഷമുണ്ട്.

അന്നേ ദിവസം ജനവരി 22 ഞായറാഴ്ച്ച നമ്മുടെ ദൈവാലയങ്ങളിൽ പരി. കുർബ്ബാനയർപ്പണം ഉണ്ടായിരിക്കുന്നതല്ല. ഇച്ചിലംപാടി ദേവാലയത്തിൽ നടക്കുന്ന പൊതുവായ പരി. കുർബ്ബാനയിലും മറ്റ് കർമ്മങ്ങളിലും എല്ലാവരും വന്ന് പങ്കുചേരണമെന്ന് സ്നേഹത്തോടെ ഉത്ബോധിപ്പിക്കുന്നു. തിരുക്കർമ്മങ്ങൾ പരി. കാതോലിക്കാബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, അഭി. ആന്റണി മാർ സിൽവാനോസ്, അഭി. മാത്യൂസ് മാർ പോളികാർപസ് തിരുമേനിമാരുടെയും, ഏളിയവനായ എന്റെയും, നമ്മുടെ എല്ലാ വൈദീകരുടെയും സഹകാർമികത്വത്തിലുമാണ് നടക്കുന്നത്.

നമ്മളെ സംബന്ധിച്ച്, ഏറ്റവും വലിയ ഒരു സന്തോഷവാർത്ത എന്നത്, ഈ വർഷം നമ്മുടെ ഭദ്രാസനത്തിനു നാലു പുതിയ വൈദികരെ ലഭിക്കുന്നു എന്നുള്ളതാണ്. രൂപീകരണവും പരിശീലനവും പൂർത്തിയാക്കി അവർ തിരികെ ഭദ്രാസന കേന്ദ്രത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. അവർക്കുവേണ്ടി നമുക്കും പ്രത്യേകം പ്രാർത്ഥിക്കാം. അവരുടെ വൈദിക പട്ടാഭിഷേകം ജനുവരി 4-ാം തീയതി നമ്മുടെ

www.malankaralibrary.com


ഭദ്രാസന ദൈവാലയത്തിൽ വച്ച് നടക്കുന്നതായിരിക്കുമെന്ന് എവരേയും അറിയിക്കുന്നു. തുടർന്നുവരുന്ന ദിവസങ്ങളിൽ അവരുടെ നവപൂജാർപ്പണവും ക്രമീകരിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ അവർ തങ്ങളുടെ പൗരോഹിത്യ ശുശ്രൂഷകൾക്കായി നിയമിതരാകും. ഈ സാഹചര്യത്തിൽ ഏതാനും വൈദീകരുടെ സ്ഥലം മാറ്റവും ഉണ്ടായിരിക്കും. എല്ലാവരും ഈ മാറ്റത്തിന് ഒരുങ്ങിയിരിക്കണമെന്ന് സ്നേഹത്തോടെ അറിയിക്കുന്നു.

വരുന്ന മെയ് മാസത്തിൽ വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിലുള്ള ജോസ്ഗിരി ഇടവകയുടെസുവർണ്ണ ജൂബിലി സമാപനാഘോഷം ഉണ്ടായിരിക്കും. അതോടനുബന്ധിച്ച് അവിടെയുള്ള വൈദികമന്ദിരത്തിന്റെ പുനർനിർമ്മാണം നടന്നുവരുന്നകാര്യവും ഏവരേയും അറിയിക്കുന്നു.

നമ്മുടെ സഭയിൽ പുതുതായി രൂപംകൊണ്ട *Accompanying Young Families* (നവകുടുംബങ്ങളെ അനുധാവനം ചെയ്യുക) എന്ന ശുശ്രൂഷ നമ്മുടെ ഭദ്രാസനത്തിലും നിലവിൽ വന്നിരിക്കുന്നു. പെരിയ ബഹുമാനപ്പെട്ട ദാനിയേൽ കടകംമ്പള്ളിൽ അച്ചനെ ഡയറക്ടറായും, ബഹു. സിസ്റ്റർ കൃപ എസ്.ഐ.സിയെ രൂപതാ ആനിമേറ്ററായും നിയമിച്ചിരിക്കുന്ന കാര്യം ഇത്തരുണത്തിൽ അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന്റെ അജപാലന ശുശ്രൂഷകളെയും, സ്ഥാപന നടത്തിപ്പുകളെയും, സാമ്പത്തികമേഖലകളെയും വിലയിരുത്തുന്ന കൗൺസിലുകൾ ഡിസംബർ ആദ്യആഴ്ചയിൽ നടക്കുന്നതായിരിക്കും. ഏവർക്കും തിരുപ്പിറവിയുടെയും പുതുവത്സരത്തിന്റെയും നന്മകളും, പ്രാർത്ഥനകളും ഹൃദയപൂർവ്വം നേരുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത് ദൈവമാതാവായ പരി. കന്യകമറിയാമിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, നമ്മുടെ ഭദ്രാസനത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെയും സകല വിശുദ്ധരുടെയും, നമ്മുടെ പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്, കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

01.12.2022
ശാന്തിഭവന, പുത്തൂർ.

✠ഗീവർഗ്ഗീസ് മാർ മക്കാറിയോസ്
പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ

---

**N.B:** ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിലും, മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

www.malankaralibrary.com



# THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2022

15.12.2022

## സർക്കുലർ

## യുവ കുടുംബങ്ങൾക്കായുള്ള പ്രേഷിത ശുശ്രൂഷ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

കുടുംബം എന്ന ദൈവകൃപയുടെ അടയാളം ഇന്ന് നേരിടുന്ന വെല്ലുവിളികളെപ്പറ്റി 2019 സെപ്റ്റംബറിൽ നടന്ന നമ്മുടെ സഭയുടെ ദ്വിതീയ അസംബ്ലിയിൽ നാം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നല്ലോ. കുടുംബങ്ങളെ സംബന്ധിച്ച നമ്മുടെ അജപാലനപരമായ ക്രമീകരണങ്ങളിൽ പുതിയ ഉണർവും ഉൽസാഹവും ഉൾക്കൊള്ളുന്നതിന് അസംബ്ലി ഇടയാക്കിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മുടെ സത്വരമായ ശ്രദ്ധ ആവശ്യമുള്ള ഒരു മേഖലയാണ് യുവ കുടുംബങ്ങളുടെ അജപാലന പരിപാലനം. ഒരു പുതിയ കുടുംബം രൂപീകരിക്കപ്പെടുന്ന പ്രാരംഭവർഷങ്ങൾ വിവാഹകൂദാശയുടെ കൃപകൾ സവിശേഷമായി അനുഭവിക്കാവുന്ന കാലമാണ്. അതേ സമയം അത്, മാനുഷികമായി, വിവാഹജീവിതത്തിലെ ഏറ്റവുമധികം വെല്ലുവിളികൾ നിറഞ്ഞ കാലവുമാണ്. ദമ്പതികൾ പരസ്പരം വാഗ്ദാനം ചെയ്യുന്ന സ്നേഹം ദൈവത്തിന്റെ കൃപയിൽ പരസ്പരമുള്ള സമർപ്പണമായി രൂപപ്പെടുന്നത് പ്രധാനമായും ഈ കാലയളവിലാണ്. ജീവിതത്തിന്റെ എല്ലാ പ്രായോഗികമായ വശങ്ങളിലും പരസ്പരം ഇടം നൽകുന്നതിന് ദമ്പതികൾ ഇക്കാലത്ത് പരിശീലിക്കുന്നു. ആരംഭനാളുകളിൽ എടുക്കുന്ന തീരുമാനങ്ങൾ ഒരു കുടുംബത്തെ സംബന്ധിച്ച് അടിസ്ഥാനപരമാണ്. ദമ്പതികൾ അവരുടെ മാതൃകുടുംബങ്ങളോട് ബന്ധപ്പെടുന്ന രീതികൾ, മക്കളെ വളർത്തുന്നതിൽ സ്വീകരിക്കുന്ന ആഭിമുഖ്യങ്ങൾ, പാർപ്പിടവും തൊഴിലും വരുമാനവുമുൾപ്പെടെ അടിസ്ഥാന

www.malankaralibrary.com


ജീവിതസൗകര്യങ്ങളിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ - ഇങ്ങനെ ഒരു കുടുംബത്തെ രൂപപ്പെടുത്തുന്ന പ്രധാന തീരുമാനങ്ങളെല്ലാം വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ കൈക്കൊള്ളുന്നവയാണ്. ആത്മീയമായ ജീവിതത്തിൽ ഒരുമിച്ച് നടക്കുന്നതിനും അവർ പരിശീലിക്കുന്നത് ഈ കാലയളവിലാണ്.

എല്ലാ കൂദാശകളുടെയും സ്വീകരണം അവയ്ക്ക് യോജിക്കുന്ന ഒരുക്കത്തോടെ ക്രമീകരിക്കുകയും, അവ പ്രദാനം ചെയ്യുന്ന കൃപകളെ ബലപ്പെടുത്തുന്നതിന് സഭാമക്കളെ യഥോചിതം സഹായിക്കുകയും ചെയ്യുന്നത് സഭയുടെ അജപാലനപരമായ സമർപ്പണത്തിന്റെ പരമ പ്രധാനമായ ഭാഗമാണ്. വിവാഹത്തെ സംബന്ധിച്ച് ഈ ശുശ്രൂഷ കുടുംബപ്രേഷിതത്വം (ഫാമിലി അപ്പോസ്തലേറ്റ്) എന്ന പേരിൽ നമ്മുടെ രൂപതകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ വിവാഹജീവിതത്തിന്റെ ആരംഭകാലത്ത് ദൈവികമായി ലഭിക്കുന്ന കൃപയുടെ സമൃദ്ധി കൂടുതൽ ഫലദായകമായിത്തീരുന്നതിനും, പ്രത്യേക വെല്ലുവിളികൾ നേരിടുന്നതിനും നവകുടുംബങ്ങളെ സവിശേഷമായി സഹായിക്കേണ്ടതുണ്ട്. ഇതിനായി യുവകുടുംബങ്ങളെ അജപാലനപരമായി അനുധാവനം ചെയ്യുന്നതിനുള്ള ഒരു പ്രേഷിത ശുശ്രൂഷ (Apostolate) പുതുതായി നമ്മുടെ സഭയിൽ ക്രമപ്പെടുത്തുകയാണ്. Accompanying Young Families (AYF) എന്നാണ് ഈ ശുശ്രൂഷ വിളിക്കപ്പെടുക.

വിവാഹജീവിതത്തിന്റെ ആരംഭത്തിൽ പരസ്പരം സ്നേഹിക്കാനെടുക്കുന്ന തീരുമാനത്തെ ദൈവമഹത്വത്തിനു യോജിച്ച പരസ്പര സമർപ്പണമായി വളർത്താൻ യുവകുടുംബങ്ങൾക്ക് ആത്മീയവും മാനസികവും സാമൂഹ്യവുമായ തുണ നൽകുക എന്നതാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി സഭാതലത്തിൽ ഈ ശുശ്രൂഷയുടെ മേൽനോട്ടം നിർവഹിക്കുന്നതായിരിക്കും. ബഹു. തോമസ് മടുക്കമൂട്ടിൽ അച്ചൻ ഇതിന്റെ സഭാതല കാര്യദർശിയായും (Secretary) ബഹു. സിസ്റ്റർ മേരി ഡൊമിനിക് ഡി.എം. സഹകാര്യദർശിയായും ശുശ്രൂഷ ചെയ്യുന്നതാണ്. ഈ പ്രേഷിത ശുശ്രൂഷയുടെ ഒരു പ്രാഥമിക രൂപരേഖ ഇതിനകം തയ്യാറായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ രൂപപ്പെടുത്തുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനുമുള്ള കൂടുതൽ വിപുലമായ സ്ഥിരം ആലോചനാ സമിതികളും സംവിധാനങ്ങളും താമസംവിനാ ഏർപ്പെടുത്തുന്നതായിരിക്കും.

വിവാഹം കഴിഞ്ഞ് പത്തു വർഷം പൂർത്തിയാകുന്നതുവരെ ദമ്പതികൾ, ഏത് പ്രായത്തിലും ജീവിതസാഹചര്യത്തിലും ഉള്ളവരായാലും, ഈ പ്രേഷിതത്വത്തിൽ പ്രാഥമിക അംഗങ്ങളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിലുള്ള അംഗത്വമോ ഏതെങ്കിലും സവിശേഷ ചുമതലയോ സഭയിലെ മറ്റു സംഘടനകളിലുള്ള അംഗത്വത്തിനോ ചുമലതലകൾക്കോ തടസ്സമാവുകയില്ല.

ഈ പ്രേഷിതത്വത്തിന്റെ പ്രാഥമിക തലം ഇടവകസമൂഹങ്ങളാണെന്ന് വ്യക്തമാണല്ലോ. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവരുടെ നിയോഗത്താൽ തന്നെ ഈ ശുശ്രൂഷയുടെ ആത്മീയ നിയന്താതാക്കൾ ആയിരിക്കും. മൂന്നിൽ കൂടുതൽ യുവകുടുംബങ്ങൾ ഉള്ള ഇടവകകളിൽ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് യുവദമ്പതികളിൽനിന്നു തന്നെ ഒരു സെക്രട്ടറിയെ തെരഞ്ഞെടുക്കാവുന്നതാണ്. യുവകുടുംബങ്ങളുടെ ആത്മീയ ജീവിതം ബലപ്പെടുത്തുന്നതിനും, കുടുംബജീവിതത്തിലെ പരസ്പര വിനിമയം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന മാനസികവും ആത്മീയവുമായ സഹായങ്ങൾ നൽകുന്നതിനും ദമ്പതികളുടെ സഭാജീവിതത്തിലുള്ള പങ്കാളിത്തം സജീവമാക്കുന്നതിനുള്ള പ്രോൽസാഹനം നൽകുന്നതിനുമാണ് ഈ തലത്തിൽ നാം ശ്രദ്ധിക്കേണ്ടത്.

മേജർ അതിരൂപതാ/അതിരൂപതാ/രൂപതാതലങ്ങളിലും, രൂപതകൾക്കുള്ളിൽ മേഖലാതലങ്ങളിലുമായിട്ടാണ് ഈ ശുശ്രൂഷയുടെ നേതൃത്വം ക്രമീകരിച്ചിരിക്കുന്നത്. രൂപതാതലങ്ങളിൽ ഡയറക്ടറുടെ ചുമതല വഹിക്കുന്നതിന് ഒരു വൈദികനെയും, സഹായത്തിനായി ഒരു സിസ്റ്ററിനെയും ഒരു അൽമായ സെക്രട്ടറിയെയും രൂപതാദ്ധ്യക്ഷന്മാർ ഇതിനകം നിശ്ചയിച്ചിട്ടുണ്ട്. മേഖലാ തലങ്ങളിൽ സമാനമായ ക്രമീകരണം ഉടൻ ഉണ്ടാകുന്നതായിരിക്കും. ദമ്പതികളുടെ ആത്മീയവും മാനസികവുമായ ബലപ്പെടുത്തലിനുള്ള ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ദമ്പതികൾക്കിടയിലുണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം നൽകുന്നതിനുമുള്ള ശുശ്രൂഷകൾ ഈ തലങ്ങളിൽ ക്രമീകരിക്കപ്പെടും. പ്രത്യേകിച്ച് യുവകുടുംബങ്ങളുടെ സ്വകാര്യതയെ പൂർണ്ണമായി മാനിച്ചും, അവരുടെ മാനസികവും ആത്മീയവുമായ ഐക്യം നിലനിൽക്കുന്നത് ദൈവേഷ്ടമായി മനസ്സിലാക്കിയും ഉത്തരവാദിത്തത്തോടെ ശുശ്രൂഷ ചെയ്യുന്ന വൈദികരും സന്യസ്തരും മറ്റു വിദഗ്ധരും അടങ്ങുന്ന ഒരു റിസോഴ്സ് റ്റീം രൂപതാ തലങ്ങളിലും മേഖലാതലങ്ങളിലും രൂപീകരിക്കപ്പെടേണ്ടതാണ്. ഈ ടീമുകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന മാർഗനിർദ്ദേശങ്ങൾ ചുമതലപ്പെട്ടവർക്ക്

www.malankaralibrary.com


നൽകുന്നതായിരിക്കും. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അജപാലകർക്കും മറ്റുള്ളവർക്കും ആവശ്യമായ സവിശേഷ പരിശീലന പദ്ധതികൾ നിശ്ചയിച്ച് യഥാകാലം അറിയിക്കുന്നതാണ്. ദമ്പതികൾക്ക് ധ്യാനം, ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസലിംഗ് മുതലാവയ ക്രമീകരിക്കുന്നതിനുതകുന്ന സ്ഥിര അജപാലന സൗകര്യങ്ങൾ രൂപതാ തലങ്ങളിൽ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

പ്രാരംഭ പ്രവർത്തനമായി കഴിഞ്ഞ പത്തുവർഷങ്ങളിൽ (2012 ജനുവരി മുതൽ) വിവാഹിതരായ എല്ലാവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു ഫോം എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന സമയപരിധിയിൽ വിവര ശേഖരണം പൂർത്തിയാക്കുന്നതിന് ബഹു. വികാരിയച്ചന്മാർ സഹായിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

നമ്മുടെ സഭ പുതുതായി ഏറ്റെടുത്തിരിക്കുന്ന ഈ അജപാലന സമർപ്പണം അനേകർക്ക് കൃപയുടെ മാർഗമായിത്തീരുന്നതിന് സഭാമക്കളുടെയെല്ലാം പ്രാർത്ഥനാപൂർവമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. അജപാലകരും അജപാലന മേൽനോട്ടത്തിൽ സഹായിക്കുന്നവരും ഇക്കാര്യങ്ങളിലുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ ശ്രദ്ധയോടും ഉൽസാഹത്തോടെയും നിർവഹിക്കേണ്ടതാണ്. പ്രത്യേകിച്ചും ഇക്കാര്യങ്ങളിൽ ലഭിക്കുന്ന നിർദേശങ്ങൾ നമ്മുടെ സഭയുടെ പൊതുനിയോഗമായിക്കണ്ട് ഗൗരവമായി പാലിക്കണമെന്ന് ഏവരെയും ദൈവനാമത്തിൽ ഞാൻ ഓർമപ്പെടുത്തുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

www.malankaralibrary.com


# Diocesan News

## Spiritual Strengthening Month Celebration

The Diocese of Puttur observed the month of November as Spiritual strengthening month as per the directions of the Holy Synod. The month was observed throughout the diocese with several spiritual activities which included acts of charity, visiting the sick and marginalized, special prayers and observances, classes, retreats, home mission, adoration and so on at personal, family, parish, regional and diocesan level. The diocesan level celebration was held on 26th November, 2022 with solemn Holy Mass at Cathedral concelebrated by the Bishop and all priests of the diocese.



- ***Dakshina Kannada Region :***

A half day seminar was held at Jeevan Jyothi Special School, Mardala on 5th November, 2022 under the presidentship of Very Rev. Zacharias Nandiyattu, the Proto Vicar, Rev. Fr. John Puthenkandathil was the resource person for the session. Rev. Fathers, Rev. Sisters, and pastoral council members of the region along with the parish representatives participated the program.

- ***Bangalore Region :***

Spiritual Strengthening Day Celebration of Bangalore Region was conducted at St. John's Medical College Auditorium on Sunday, 13th November, 2022. Most Rev. Dr. Geevarghese Mar Makarios the Bishop of Puttur and Most Rev. Dr. Antony Mar Silvanos, the Curia Bishop of the Malankara Catholic Church blessed the event with their presence. Rev. Fathers, Rev. Sisters and parishioners of the region were present. Top scorers of 10thstandard and 12th standard students, and the winners of other competitions and events were felicitated in the meeting.





- ***Shimoga Region :***

The regional level spiritual strengthening program of shimoga region was conducted on Sunday, 13th November 2022 at N.R. Pura. Very Rev. Fr. John Nellivila, the District Vicar, all Rev. Fathers, Sisters and the Parish representatives participated in the program. Very Rev. Fr. Rooble Ayiravelil was the resource person.

www.malankaralibrary.com



## Harvest Festival

Harvest festival was celebrated in most of the Churches in the month of November.





## Minority Commission, Karnataka Visit

Minority Commission members headed by Mr. Santhakumar J Kennedy, the State President of Christian minority visited Shanthibhavana Bishop's House, Puttur on 16th November,2022. Along with our Bishop, Rev. Fathers, Rev. Sisters and representatives of different church denominated were present. The possibilities of minorities schemes were explained in the meeting.



# *Commission for Youth (MCYM)*

- ***MCYM Anthem Competition :***




The Bangalore Region MCYM of the diocese had conducted an online MCYM Anthem competition in the month of November in which the participants were asked to submit the video of the MCYM Anthem they had sung. Mar Ivanios Student community won the first prize and St. Mary's SMCC, Hennur won the second prize.

- ***Yuvotsav 2022 :***

Yuvotsav 2022, organized by the MCYM Bangalore district was held on 19th and 20th November 2022 at three venues namely, St. Alphonsa's MCC, White Birdie Academy & St. Jerome College in which more than 80 MCYM members participated. Rt. Rev. Koshy Kakkanatu Corepiscopo inaugurated the event in which Rev. Fr. Thomas Kallolickal, Director-MCYM Bangalore District and Rev. Sr. Gracy Francis were present. St. John's SMCC, Singasandra was declaed winners of the event while St. Alphonsa's

www.malankaralibrary.com



SMCC, Carmalaram and St. Joseph's SMCC, Mathikere secured the second and third positions respectively.



# *Commission for Family (Bhavana Jyothis)*

- ***Stand by Me: 16 Days of Activism to end Gender Based Violence :***




The members of Bhavana Jyothis, Diocese of Puttur participated in an online program called 'Stand by Me: 16 Days of Activism to end Gender Based Violence' which was a series of Webinars organized together with the Indian Christian Women's Movement, Conference of Religious of India and Justice Coalition of Religious from 25th November to 11th December, 2022.

- ***Children's Day Celebration :***

Children's Day was celebrated in different units of the diocese of Puttur. The Bhavana Jyothis took this celebration to spread the message of Children as the gift of God to our families. The day celebration accelerated the spreading of the pro-life message in our parishes and community.





www.malankaralibrary.com



# Commission for Laity (MCA)

- ***House Construction Project :***

MCA Diocesan Committee has taken the initiative to construct a house for one neediest family of our Vimalagiri parish, DK region and the foundation stone blessing ceremony has been done on 14th November, 2022 by Very Rev. Dr. Eldho Puthenkandathil, Vicar General & MCA Spiritual Advisor of the diocese in the presence of the Vicar of St. Mary's SMCC, Vimalgiri Rev. Fr. Thomas Kuzhinapurathu, MCA diocesan president Mr. Sajith K J, along with other MCA members and parishioners. The construction of the house is in progress.





# Commission for Education

## Mar Ivanios College Of Education

- ***Block Resource Centre (BRC) Visit :***

The Student Teachers of Second Year B.Ed visited Block Resource Centre, Puttur on 17th November 2022 to gain knowledge about the Administration of Education department in block level.



- ***Indian Constitution Day :***

The Constitution Day had been celebrated in the college by reading out the preamble. A seminar was presented by Mrs. Vincy Abraham the Asst. Professor of the College on the Subject India - The Mother of Democracy.



- ***Rastriya Ikyatha Sapthaha :***

On the occasion of Rastriya Ikyatha Sapthaha (National Integrity Day), the Student Teachers take oath of the Day and the following Programmes were conducted.



www.malankaralibrary.com



- ***Women's Day :***



A program was held to showcase the role of women in Indian society and in the progress of the Nation, where Mrs. Umashree P B the Asst. Professor of the College presented a seminar.

- ***Environment Day :***



To make aware of and to safeguard environment, "Save Environment Day" program was arranged Mr. Raghunandana K the Asst. Professor of the College led the program.

# *Wishes*

## Birthday Wishes!

27 December : Rev. Fr. Sathyan Thomas Naduviledathu OIC
31 December : Rev. Fr. Shaji Sebastian Kallukirthottiyil

## Festal Greetings!

03 December : Rev. Fr. Christudas Charummottil OIC
25 December : Very Rev. Fr. Dr. Eldho Puthenkandathil
28 December : Rev. Fr. David Charuvilayil OIC

## Ordination Day Wishes!

26 December : Rev. Fr. Kurian Pulipra
27 December : Rev. Fr. Thomas Simon Kanjirathumkal
27 December : Rev. Fr. Thomas Punamadathil
27 December : Very Rev. Fr. Thomas Kuzhinapurath
29 December : Rev. Fr. Rino John Erupathanchil
30 December : Very Rev. Fr. Dr. Eldho Puthenkandathil
30 December : Very Rev. Fr. Daniel Kadakampallil
31 December : Very Rev. Fr. Koshy Kackanatt Corepiscopo

www.malankaralibrary.com


# Important Dates

| | |
|---|---|
| 1 Wednesday | ***Beginning of the Twenty-Five Days Nombu*** |
| 3 Saturday | ***St. Francis Xavier*** |
| 4 Sunday | ***St. John Damascene*** |
| 5 Monday | ***Mar Sabas & Mar Clement of Alexandria*** |
| 6 Tuesday | ***Mar Theophilos of Antioch*** |
| 7 Wednesday | ***St. Ambrose*** |
| 8 Thursday | ***Immaculate Conception of Blessed Virgin Mary*** |
| 10 Saturday | ***Mar Behnan the Martyr and his Sister Sarah, 40 Martyrs*** |
| 14 Wednesday | ***St. John of the Cross*** |
| | ***Mar Abraham Kidunoyo*** |
| 16 Friday | ***Erection of the Eparchy of Marthandom (1996)*** |
| 17 Saturday | ***Mar Rabula*** |
| | ***II The Season of Yaldo-denho*** |
| 18 Sunday | ***Sunday before Yaldo*** |
| | ***The Miraculous Cross of Mylapore*** |
| 25 Sunday | ***Yaldo (Christmas)*** |
| | ***Bible Sunday*** |
| 26 Monday | ***Exaltation of Mary, the Mother of God*** |
| 27 Tuesday | ***Comm. of the Infants killed by Herod*** |
| 28 Wednesday | ***David, the King and Prophet*** |



www.malankaralibrary.com

**Bethany Vidyabavan**
There is nothing like staying at home for real comfort




# About Us -

Bethany Vidyabhavan is a hostel for girls running by bethany sisters. It provides both double and single rooms facilities to students and working Womens.
With food, lift, WiFi connection.

## Contact Us -

Address : Bethany vidyabhavan, 25/27 4th Cross Marutinagar, Madivala, Bangalore -560068
Phone number:- +91 6360958312
E-mail ID:bethanybhavan@gmail.com







www.malankaralibrary.com

